# മംഗലവാർത്താക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

ലൂക്കാ 1,57-66

14/12/2014

"യോഹന്നാൻ = ദൈവത്തിന്റെ കാരുണ്യം"

മലനാട്ടിലെങ്ങും സംസാരവിഷയമായ ഒരു പിറവിയുടെ സദ്വാർത്തയാണ് ഇന്നത്തെ വിചാരം; സ്നാപകയോഹന്നാന്റെ ജനനം. ഈശോയ്ക്ക് വഴിയൊരുക്കാനായ് അയക്കപ്പെട്ടവനായിരുന്നു സ്നാപകയോഹന്നാൻ. ധൂപാർപ്പണത്തിനായ് കർത്താവിന്റെ ബലിപീഠത്തിന് മുമ്പിലെത്തിയ വയോവൃദ്ധനായ സഖറിയ എന്ന പുരോഹിതന് ഒറ്റ പ്രാർത്ഥന മാത്രമെ ഉണ്ടായിരുന്നുള്ളൂ, "കർത്താവേ, നീ ഞങ്ങളുടെ ജീവിതത്തിൽ ഇടപെടണം. ഒരു കുഞ്ഞിനെ സമ്മാനിക്കണം." കർത്താവ് പുരോഹിതനായ സഖറിയായുടെ പ്രാർത്ഥന കേൾക്കുകയാണ്. കർത്താവിന്റെ ദൂതൻ ബലിപീഠത്തിന്റെ വലതുവശത്ത് നിലയുറപ്പിച്ചു. സഖറിയായ്ക്ക് അരുളപ്പാട് സമ്മാനിച്ചു, "നിന്റെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിലൻ ഒരു പുത്രനെ നിനക്ക് ദൈവം നൽകും. അവന്റെ പ്രത്യേകതകൾ, അവന്റെ ജനനത്തിൽ അനേകർ സന്തോഷിക്കും, കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും, ദുശിലങ്ങൾ (വിഞ്ഞോ മറ്റ് ലഹരിപാനിയങ്ങളോ) ഇല്ലാത്തവൻ, അമ്മയുടെ ഉദരത്തിൽ വച്ച് തന്നെ പരിശുദ്ധാത്മാവിനാൽ നിറയുന്നവൻ, കർത്താവിന്റെ വഴി പഠിപ്പിക്കുന്നവൻ, പഴയനിയമത്തിലെ ഏറ്റവും ശക്തനായ ഏലിയപ്രവാചകനേക്കാൾ ചൈതന്യത്തോടും ശക്തിയോടും കൂടി കർത്താവിന് മുമ്പേ യാത്രചെയ്യും."

ജീവിതത്തിൽ
മുറിച്ച് കളയുകയും
തുന്നുചേർക്കുകയും
ചെയ്യേണ്ട കര്യങ്ങൾക്കുള്ള
ഉത്തരമായി വന്നവനാണ്
യോഹന്നാൻ.
കത്രിക കൈയിലുണ്ടാകണം,
എന്റെ അഹംങ്കാരത്തെ,
കാപട്യത്തെ,
ചീത്ത ശീലങ്ങളെ,
തഴക്കദോഷങ്ങളെ
മുറിച്ച് കളയാൻ!
ഒപ്പം സൂചിയും വേണം.
കരുണ, സത്യം,
നീതി, നന്മ, സ്നേഹം
എന്നിവയെ തുന്നിചേക്കാൻ

രക്ഷയുടെ സദ്വാർത്ത ശ്രവിച്ച പുരോഹിതനായ സഖറിയ, പ്രവചനത്തിൽ, അവിശ്വസിക്കുന്നു. അവന്റെ അവിശ്വാസത്തെ പരിഹരിക്കാൻ ദൈവം അവന് ഒരു അടയാളം സമ്മാനിചു, "ഇത് സംഭവിക്കുന്നത് വരെ നീ മൂകനായിരിക്കും." വചനം അച്ചട്ടായി. കുഞ്ഞിന് യോഹന്നാൻ എന്ന പേര് സമ്മാനക്കുന്നത് വരെ ബധിരനും മൂകനുമായി സഖറിയ ജീവിതം തള്ളി നീക്കി.

എലിസബത്തിന്റെ വേദനനിറഞ്ഞ വന്ധ്യതയിൽ ദൈവം ഇടപെട്ടപ്പോൾ അത് സന്തോഷത്തിന് നിമിത്തമാവുകയാണ്. ആ സന്തോഷം എലിസബത്തിന്റെ വ്യക്തിപരമായ സന്തോഷം മാത്രമാവുകയല്ല. മറിച്ച്, മലനാട്ടിലെങ്ങും സംസാരവിഷയമാവുകയും, കർത്താവ് വലിയ കാരുണ്യം കാണിച്ചിരിക്കന്നു എന്ന് പറഞ്ഞ് ബന്ധുക്കളും അയർക്കാരും എലിസബത്ത് + സഖറിയ ദാമ്പതികളോടൊത്ത് സന്തോഷിക്കുകയും ചെയ്യുന്നു. രണ്ട് ചിന്തകൾ ഇതിൽ നിറഞ്ഞിരിക്കുന്നു.

ഒന്ന്, ദൈവം മറ്റുള്ളവർക്ക് നൽകുന്ന അനുഗ്രഹങ്ങളെപ്രതി അവരോടൊത്ത് സന്തോഷക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? കുമ്പസാരത്തിൻ ഏറ്റവും കൂടുതൽ കേൾക്കുന്നതും ഏറ്റവും കൂടുതൽ പറയുന്നതുമായ പാപങ്ങളിലൊന്ന് ഇതാണ്, "അച്ചാ, അസൂയ തോന്നിയീട്ടുണ്ട്... മറ്റുള്ളവരുടെ സന്തോഷത്തിൽ അവരോടൊത്ത് സന്തോഷിക്കാൻ സാധിച്ചീട്ടില്ല." യോഹന്നാൻ എന്ന പേരിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപ്പോലെ ദൈവം കരുണ കാണിക്കുന്നവനാണ്. നിന്റെ ജീവിതത്തിന്റെ ബന്ധനം അസൂയയാണെങ്കിൽ കർത്താവിന്റെ കരങ്ങളിലേയ്ക്ക് സമർപ്പിക്കുക. പൗലോസ് ശ്ലീഹയോട് കർത്താവ് പറയുന്നത് പോലെ, കർത്താവിന്റെ കൃപയുടെ കാരുണ്യം എന്നിൽ പെയ്തിറങ്ങുന്നുണ്ടെങ്കിൽ ഏത് ബന്ധനങ്ങളെയും തച്ചുടയ്ക്കാൻ ഞാൻ പ്രാപ്തനാകും.

ദൈവസന്നിധിയിൽ
വിശ്വാസത്തോടെ
നിരന്തരം പ്രാർത്ഥിക്കണം.
നിന്റെ പ്രാർത്ഥ കേട്ടു
എന്നു തോന്നുമ്പോൾ
ദൈവത്തിന്
ഇത് സാധ്യമോ എന്ന്
ഒരിക്കലും ചിന്തിക്കരുത്.
നിന്റെ പ്രാർത്ഥനകൾക്ക്
നേരെ കണ്ണടയ്ക്കുന്നവനാണ്
ദൈവമെന്ന് തോന്നൽ
നിനക്കുണ്ടാകുമ്പോൾ
ദൈവം ചില അടയാളങ്ങൾ
നിനക്ക് സമ്മാനിക്കും.
അത് ചിലപ്പോൾ, നിന്റെ
മുഖവും സ്വരവും
നഷ്ഠപ്പെടുത്തുന്ന
മൂകതകളായിരിക്കാം...

രണ്ട്, എലിസബത്ത് സഖറിയാ ദമ്പതികളുടെ സന്തോഷം അവരുടെ മാത്രം വ്യക്തിപരമായ സന്തോഷമല്ല. മറിച്ച്, സകലരുടെയും സന്തോഷമായി ഭവിക്കുന്നു. സന്തോഷിക്കുന്നതിന്റെ കാരണം "ദൈവം, തന്റെ വലിയ കാരുണ്യം ഒരു കുടുംബത്തിന് മുമ്പിൽ തുറന്നിരിക്കുന്നു." ദൈവം കാണിക്കുന്ന തന്റെ വലിയ കാരുണ്യത്തെ പ്രതി സന്തോഷിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? വിവാഹം, മാമ്മോദീസ, ആദ്യകുർബ്ബാന സ്വീകരണം, സ്ഥൈര്യലേപനം, വീട് വെഞ്ചിരിപ്പ് തുടങ്ങിയവ ദൈവം നമ്മുടെ മുമ്പിൽ വച്ച് നീട്ടുന്ന വലിയ അനുഗ്രഹങ്ങളാണ്. എന്നിട്ടും, ദൈവത്തെ പുറത്താക്കി മദ്യത്തിനും മറ്റ് ഭൗതീകമായ ആഘോഷങ്ങൾക്കും പ്രാധാന്യം നൽകുന്ന പ്രവണത നമ്മളിൽ ഏറി വരുന്നില്ലേ? എലിസബത്തും അവളുടെ ബന്ധുക്കളും അയൽക്കാരും ചേർന്ന് പ്രഘോഷിക്കുന്നത് ഒന്ന് മാത്രമാണ്, "ദൈവത്തോട് ചേർന്ന് സന്തോഷിക്കുന്നത് മാത്രമാണ് ശാശ്വതമായ സന്തോഷമെന്ന്."

ദൈവീകസന്തോഷവും മാനുഷീകസന്തോഷവും രണ്ട് വിധത്തിലാണ്. മാനുഷീകസന്തോഷം വൈയക്തികമാണ് (Subjective). എന്നാൽ, ദൈവീകസന്തോഷം മെന്ന് പറയുന്നത് ശാശ്വാതമാണ്. ദൈവീകസന്തോഷം ഏറെ ബുദ്ധിമുട്ട് ഏറിയതാണെങ്കിലും, അതിന്റെ സന്തോഷം നീണ്ടു നിൽക്കുന്ന ഒന്നാണ്. അത് നൽകുന്ന സന്തോഷവും സമാധനാവും അനുഗ്രഹപ്രദമാണ്. വി.ഫ്രാൻസീസ് അസീസ്സി തന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും സന്തോഷകരമായ സന്ദർഭത്തെ കുറിച്ച് പറയുന്നുണ്ട്.

ക്രിസ്തുവിനെ കുറിച്ച് അറിഞ്ഞ് ക്രിസ്തുവിന് വേണ്ടി വേല ചെയ്യണം എന്നാഗ്രഹിച്ച് നിൽക്കുന്ന സമയത്താണ് ഭിക്ഷയാചിച്ച് കൊണ്ട് ഒരു കുഷ്ഠരോഗി കടയിലേയ്ക്ക് കയറിവരുന്നത്. ഏറെ അറപ്പുളവാക്കുന്ന ഭീകരമായ രൂപം. "ഇവിടെ ഒന്നും ഇല്ലാ" എന്ന് പറഞ്ഞ് ഏതാനും ചില്ലിക്കാശുകൾ സമ്മാനിച്ച് യാചകനെ പെട്ടന്ന് തന്നെ തിരിച്ചയച്ചു. തിരിച്ചയച്ച് കഴിഞ്ഞപ്പോഴാണ് താൻ ചെയ്തത് ശരിയായില്ല എന്ന് ഫ്രാൻസീസിന് തോന്നിയത്. ഒരു കെട്ട് തുണിയും എടുത്ത് കൊണ്ട് ഫ്രാൻസീസ് കുഷ്ഠരോഗിയുടെ പിന്നാലെ ഒടി. ആ തുണികെട്ട് കുഷ്ടരോഗിക്ക് സമ്മാനിച്ചിട്ട്, അദ്ദേഹത്തെ കെട്ടിപിടിച്ച് ചുമ്പിച്ചു. അൽഭുതം! ഓരോ മുറിവിൽ ചുമ്പിക്കുമ്പോഴും അവിടുത്തെ കുഷ്ഠം മാറുന്നു. അവസാനം ആ യാചകൻ ക്രിസ്തുമായി മാറ്റപ്പെടുന്ന.

ഇത് അനേകർക്ക് മാതൃകയും പ്രചോദനവുമായി. ഇതിൽ അനേകർ സന്തോഷിച്ചു. ആ സന്തോഷം ജീവിതത്തിലൂടെ പ്രകടിപ്പിച്ചു. സമൂഹത്തിൽ ഒരുപാട് ഫ്രാൻസീസ്മാർ ഉണ്ടായി. ദൈവത്തോടൊത്ത് സന്തോഷിക്കാൻ പഠിക്കുക.

കുഞ്ഞിന് പരിച്ഛേദനത്തിനും പേരിടുന്നതിനുമായി ദേവാലയത്തിലെത്തിയവർക്ക് ദൈവം സമ്മാനിച്ചത് മറ്റൊരു അനുഗ്രഹത്തിന്റെ വിരുന്നായിരുന്നു. ശിശുക്കളെ എട്ടാം ദിവസം ദൈവത്തിന് സമർപ്പിക്കുന്ന പതിവ് പഴയനിയമത്തിലെ ശക്തമായ അനുശാസനമായിരുന്നു (ഉൽപ്പ 17,12; ലേവ്യ 12,3). വി.പൗലോസ് തന്റെ ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്, 'എട്ടാം ദിവസം പരിച്ഛേദനം സ്വീകരിച്ചവനാണ് താൻ എന്ന്.' "പരിച്ഛേദനം = മാമ്മോദീസ." ഒരു പരിദിവരെ, യഹൂദൻമാർ ആചരിക്കുന്ന പരിച്ഛേദനത്തിന്റെ മറ്റൊരു രൂപമാണ് ഇന്ന് കത്തോലിക്കർ ആഘോഷിക്കുന്ന മാമ്മോദീസ. എട്ടാം ദിവസത്തിൽ നിന്ന് തൊണ്ണൂറും അതിൽ കൂടുതലും ദിവസങ്ങൾ മാമ്മോദിസായ്ക്ക് വേണ്ടി നാം നീട്ടിവയ്ക്കുന്നുണ്ടെങ്കിൽ നാം ആർഭാടത്തിനും ആഘോഷങ്ങൾക്കും വേണ്ടിയല്ലേ? ഈ പതിവ് വർദ്ധിച്ച് വരുന്നുണ്ട്. ദൈവം നൽകുന്ന കുഞ്ഞിനെ ദൈവത്തിന് സമർപ്പിച്ച് കൗദാശിക വരപ്രസാദത്തിൽ കുഞ്ഞുങ്ങളെ വളർത്താൻ നമുക്കാകണം. കർത്താവ് ദാനമായ് വച്ച് നീട്ടിയ കുഞ്ഞുങ്ങളെ ജന്മപാപത്തിന്റെ കറകൾ കഴുകി കളയുന്ന മാമ്മോദീസ എന്നുള്ള കൂദാശ അനാവശ്യമായി നീട്ടിവയ്ക്കുന്ന

തെറ്റാണ്... നിരുത്സാഹപ്പെടുത്തേണ്ട ഒന്നുമാണ്....

ദൈവം നൽകുന്ന ദാനങ്ങളെ ദൈവത്തിന്റെ പേരിൽ അറിയപ്പെടാൻ അനുവദിക്കണം. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം "ദൈവത്തിന്റെ കാരുണ്യം" എന്നാണ് (1ദിന 26,3; എസ്രാ 10,6). ദൈവം സഖറിയ + എലിസബത്ത് ദമ്പതികളോട് എന്നതിലേറെ മനുഷ്യകുലത്തോട് കാണിക്കുന്ന വലിയ കാരുണ്യത്തിന് ഇവൻ യോഹന്നാൻ, ദൈവത്തിന്റെ കാരുണ്യം, എന്ന് തന്നെയാണ് അറിയപ്പെടേണ്ടത്. ദൈവം നമ്മുക്ക് മുമ്പിൽ അവതരിക്കുമ്പോൾ, ദൈവം നൽകുന്ന ദാനങ്ങളെ വ്യക്തിമുദ്രകുത്തി അതിനെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ് യോഹന്നാന്റെ പരിച്ഛേദനം. ദൈവം ദാനമായി നൽകുന്ന കുഞ്ഞുങ്ങൾക്ക് തങ്ങളുടെതായ പേരിടാനായ് തത്രപ്പെടുന്ന മാതാപിതാക്കൾ ഇന്ന് വിരളമല്ല.

സ്നാപകയോഹന്നാന്റെ ജനനത്തിൽ ബന്ധുക്കളും അയൽക്കാരും സന്തോഷിക്കുന്നു. അവന്റെ ജനനം വലിയ ചർച്ചാവിഷയമാകുന്നു. കാരണം, അവന്റെ ജനനം ദൈവത്തിന്റെ വലിയ കാരുണ്യമായിരുന്നു. മക്കൾ 'ഭാരവും' 'അസൗകര്യവുമാകുന്ന' കാലത്ത് ഇങ്ങനെ വേണം കുഞ്ഞുങ്ങളെ എതിരേൽക്കാൻ. "നാം ഒന്ന്, നമുക്കൊന്ന്" എന്നല്ല, മറിച്ച്, "നാം ഒന്നാകാൻ നമുക്കൊരുപാട്" എന്നതായിരിക്കണം.

ഈ അടുത്ത കാലത്ത് രസകരമായ ഒരു സംഭവമുണ്ടായി. കൂടെ പഠിച്ചവനെ കെട്ടിക്കാനുള്ള വലിയഭാഗ്യമുണ്ടായി. പക്ഷെ, അത് വലിയ പൊല്ലാപ്പാകുമെന്ന് അനുഭവമായപ്പോഴാണ് മനസിലായത്! കെട്ടിച്ചാൽ മാത്രം പോര; അവർക്കുണ്ടാകുന്ന കുഞ്ഞിന് പേര് കണ്ടുപിച്ച് കൊടുക്കണം. ഒപ്പം, മാമ്മോദീസായും. പേര് കണ്ട് പിടിക്കുന്നത് എളുപ്പമാണല്ലോ എന്ന് കരുതി, ബൈബിളിൽ നിന്ന് ചില പേരുകൾ നിർദ്ദേശിച്ചപ്പോൾ പറയാണ്, "ഇതൊക്കെ ഓൾഡല്ലേ? ഞങ്ങൾക്ക് ന്യൂ ജനറേഷൻ പേരുകൾ മതിയെന്ന്!"

പല പേരുകളും സ്വീകരിക്കപ്പെടുന്നത് അവയുടെ ഭംഗിനിമിത്തം കൊണ്ടല്ല. മറിച്ച്, അവയുടെ അർത്ഥം കൊണ്ടാണ്. ദൈവം ചില വ്യക്തികൾക്ക് പേർ നൽകുന്നുണ്ട്. അത്, അവർ ചെയ്ത് തീർക്കേണ്ട ദൗത്യത്തെ ഓർമ്മപ്പെടുത്തുന്നതിന് വേണ്ടിയാണ്. ഉദാഹരണത്തിന് പത്രോസിന് 'കേപ്പ = പാറ' എന്ന പേർ നൽകി. കാരണം, എന്റെ സഭയുടെ അടിസ്ഥാനം നിന്നിൽ നിന്നാണ്. നീ ഇളകാൻ പാടില്ല. നീ പാറപോലെ ഉറച്ചതായിരിക്കണം. സമരിയാക്കാരുടെ മേൽ ഇടിത്തീ ഇറങ്ങണമെന്നാഗ്രഹിച്ച് സെബദിപുത്രൻമാരെ ഇടിയുടെ പുത്രൻമാരെന്ന് വിളിച്ചു. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം "ദൈവത്തിന്റെ കാരുണ്യം" എന്നതാണ്. യോഹന്നാൻ സഖറിയ+ഏലിശ്വാ ദമ്പതികൾക്ക് ദൈവം സമ്മാനിച്ച കാരുണ്യമായിരുന്നു. യോഹന്നാൻ തന്റെ പേര് സൂചിപ്പിക്കുന്നതുപോലെ ജീവിച്ചു എന്നതാണ് മഹത്വരം. പേര് സൂചിപ്പിക്കുന്നത്പോലെ പേരിന്റെ അർത്ഥവും ദൈവീകപദ്ധതിയും സാക്ഷാത്കരിക്കാൻ മരുഭൂമിയിൽ തപസിരുന്നു അവൻ. അവന്റെ ജീവിതത്തിലും ഭാഷാരീതിയിലും വസ്ത്രരീതിയിലും ആഹാര രീതിയിൽ വരെ ദൈവത്തിന്റെ കാരുണ്യം വെളിപ്പെടുത്തുന്ന രീതിയിൽ പൊതുജനത്തിന് മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പേര് സൂചിപ്പിക്കുന്നത് പോലെ ജീവിക്കുന്ന മഹാവിശുദ്ധൻ. നമുക്കും ലഭിച്ചിട്ടില്ലേ ഓരേ നാമങ്ങൾ. നമ്മുടെ ക്രിസ്തീയ നാമങ്ങൾക്ക് ചേർന്ന വിധം ജീവിക്കാൻ നമ്മുക്ക് സാധിക്കുന്നുണ്ടോ? സാഹചര്യങ്ങളെ പഴിക്കാതെ, സാഹചര്യസമ്മർദ്ദങ്ങൾക്ക് വശംവദനരാകാതെ ജീവിക്കാൻ വചനത്തിന് സാക്ഷ്യം നൽകാൻ യോഹന്നാൻ മലയിലുയർത്തപ്പെട്ട ദീപമായിരിക്കണം നമ്മുക്ക്.



നാം പേറുന്ന ബന്ധനങ്ങളിൽ നിന്ന് വിടുതൽ കിട്ടാൻ ദൈവഹിതത്തെ പൂർത്തിയാക്കുക. സഖറിയ ദൈവവചനത്തെ അവിശ്വസിച്ചു. അവന് കർത്താവ് ഒരടയാളം സമ്മാനിച്ചു. "ഇത് പൂർത്തിയാകുന്നത് വരെ നീ മൂകനായിരിക്കും." അവന്റ മൂകത അവനുള്ള അടയാളമായിരുന്നു. കുഞ്ഞിന് യോഹന്നാൻ എന്ന പേർ സമ്മാനിച്ച നിമിഷംമുതൽ കർത്താവ് അവന്റെ മൂകത എടുത്ത് മാറ്റി.

**"ദൈവം അരുൾ ചെയ്തതിനെ പൂർണ്ണമായി അനുസരിച്ചപ്പോൾ സഖറിയായുടെ ബന്ധനം കർത്താവ് എടുത്ത് മാറ്റി!"**